Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

3.3.2018

Chief Minister
Director General of Police
District Collector
Chairman KSPCB
City Police Commissioner

Sir,

Ref: 1) http://www.art-artist.in/np.htm
2) http://www.art-artist.in/rti.htm#squad

**<u>സ്വഭവനത്തിൽ സൈ്വരമായി കഴിയാനുള്ള മനുഷ്യാവകാശം</u>**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ഉച്ചഭാഷിണി ശല്ല്യം നിയന്ത്രിക്കാൻ സ്ക്വാഡ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിക്ക് 9.2.2018 ന് അപേക്ഷ സമർപ്പിക്കുകയും, 13.2.2018 ന് ശബ്ദമലിനീകരണം നിയന്ത്രിക്കാൻ കളക്ടർ സ്ക്വാഡ് രൂപീകരിച്ചതായ വാർത്ത പത്രങ്ങളിൽ വരുകയും ചെയ്തു.

പക്ഷേ, ആ സ്ക്വാഡിൽ പൊതുജനങ്ങൾക്ക് പരാതി നൽകാൻ യാതൊരു മാർഗ്ഗവുമില്ല. സ്ക്വാഡിന്റെ പ്രവർത്തനം ശക്തവുമല്ല. പലയിടങ്ങളിലും നിയമവിരുദ്ധമായി ഇപ്പോഴും ഉച്ചഭാഷിണിശല്ല്യം യഥേഷ്ടം തുടരുകയും ചെയ്യുന്നു.

1. A loud speaker or a public address system shall not be used except after obtaining written permission from the authority.
2. There will be complete ban on the use of horn type loud-speakers.
3. A loud speaker or a public address system shall not be used at night (between 10.00 p.m. to 6.00 a.m. except in closed premises for communication within, e.g. auditoria, conference rooms, community halls and banquet halls.
4. Ambient air quality standards in respect of noise for different areas/zones as specified in the Schedule annexed to the rule which is as under:-

| Area Code | Category of Area | Day Time | Night Time |
|---|---|---|---|
| A | Industrial Area | 75dB | 70dB |
| B | Commercial Area | 65dB | 55dB |
| C | Residential Area | 55dB | 45dB |
| D | Silence Zone | 50dB | 40dB |

എന്നിവ നിലവിലുള്ള നിയമങ്ങളാണ്. ആരാധനാലയങ്ങളിലോ അവയുടെ പരിസരത്തോ സ്ഥിരമായി ഉച്ചഭാഷിണികൾ സ്ഥാപിച്ചിട്ടുള്ളത് ബന്ധപ്പെട്ട authority യുടെ അനുവാദം വാങ്ങാതെയാണ്. Kerala Municipality Building Rules 1999 ൽ ഉച്ചഭാഷിണികൾ

സ്ഥാപിക്കുന്നതിനെകുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ അനുവാദമില്ലാതെയാണ് അവ സ്ഥാപിച്ചിരിക്കുന്നത് എന്നത് ഉറപ്പാണ്. അല്ലെങ്കിൽ നിയമാനുസൃതമായ രേഖ ഹാജരാക്കാൻ ആരാധാനലയനടത്തിപ്പുകാരോട് ആവശ്യപ്പെടേണ്ടതാണ്.

KSPCB ഇടക്കിടെ surprise check കൾ നടത്തേണ്ടതും നിയമവിരുദ്ധമായി ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിന്റെ തെളിവുകൾ പോലീസിന് നൽകി നടപടിയെടുപ്പിക്കേണ്ടതുമാണ്.

ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ മേൽവിലാസത്തിൽ നോട്ടീസ് അയച്ച് പിഴയടപ്പിക്കുന്നത് പോലെ, Noise Pollution Rules ലംഘിക്കുന്നവർക്കെതിരെയും നടപടിയെടുക്കേണ്ടതാണ്.

നേരിട്ട് ചെന്ന് നിയന്ത്രിക്കാനോ തടസ്സപ്പെടുത്താനോ ശ്രമിക്കാതെ ഷാഡോ-പോലീസ്/സ്ക്വാഡ് എന്നിവയുടെ സഹായത്തോടെ കോടതിയിൽ പരാജയപ്പെടുത്താനാവാത്ത തെളിവുകൾ രഹസ്യമായി ശേഖരിച്ച് നിയമം ലംഘിക്കുന്ന ആരാധനാലയനടത്തിപ്പുകാർ, മൈക്ക്സെറ്റ് ഉടമ എന്നിവർക്ക് നോട്ടീസ് അയച്ച് പിഴയടപ്പിക്കേണ്ടതാണ്.

1 ലക്ഷം രൂപ വരെ പിഴയോ 5 വർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുമാറ് അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് (Dy SP and above) സ്വമേധയാ Noise Pollution (Regulation and Control) Rules, 2000; Kerala Police Act; Notification U6-30380/2002 എന്നിവ പ്രകാരം കേസെടുക്കേണ്ടതുമാണ്.

ആരാധനാലയങ്ങളിൽ കുമിഞ്ഞ് കൂടുന്ന കള്ളപണത്തിന്റെ അഹങ്കാരമാണ് ഉച്ചഭാഷിണികളുടെ എണ്ണവും തീവ്രതയും ഇത്രയും വർദ്ധിക്കാൻ കാരണം. ടാക്സ് പോലും ഈടാക്കാനാവാത്ത ആ പണത്തിന്റെ ചെറിയൊരംശമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സർക്കാർ ഖജനാവിൽ എത്തേണ്ടതാണ്.

അതിനായി കളക്ടർ രൂപീകരിച്ച സ്ക്വാഡിന്റെ ഫോൺ നമ്പർ അടിയന്തിരമായി എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും, കേരള സർക്കാർ/പോലീസ് വെബ് സൈറ്റുകളിൽ അനോണിമസ് ആയി പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാൻ അടിയന്തിരമായി സംവിധാനം ഒരുക്കേണ്ടതുമാണ്.

Yours truly,

(Subhash S)